പരിശോധിക്കുകയും അപകടം ഒഴിവാക്കേണ്ട നടപടികൾ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പിന് 2.27 കോടി രൂപ അനുവദിക്കുകയും ചെയ്തു. ഈ ശുപാർശകളിൽ അപകട മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുക, റോഡ് മാർക്കിംഗ് നടത്തുക, പാർശ്വങ്ങൾ മണ്ണിട്ട് നികത്തുക, ഗാർഡ് സ്റ്റോൺ, ഡെലിനേറ്റർ പോസ്റ്റുകൾ എന്നിവ സ്ഥാപിക്കുക, ബസ് ബേകൾ നിർമ്മിക്കുക എന്നിവ ഉൾപ്പെടുന്നുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ 75% പണികളും പൂർത്തിയായിക്കഴിഞ്ഞു.

(ഡി) സ്വീകരിക്കും. ഇതിന്റെ ഭാഗമായി അങ്കമാലി - തൊടുപുഴ, മുട്ടം - തൊടുപുഴ, ശബരിമല റോഡുകളായ വടശ്ശേരിക്കര - പമ്പ, എരുമേലി - പമ്പ എന്നീ റോഡുകൾ അപകടവിമുക്ത മാതൃകാ റോഡുകൾ ആക്കുന്നതിനുള്ള തീരുമാനം റോഡ് സേഫ്റ്റി അതോറിറ്റി എടുത്തിട്ടുണ്ട്.

പൊതു നിരത്തുകളിലെ സുരക്ഷ

158 (5863) ശ്രീ. അടൂർ പ്രകാശ് :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുനിരത്തുകളിലെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ് എന്തൊക്കെ നടപടികൾക്കാണ് രൂപം നൽകിയിട്ടുള്ളത് ;

(ബി) ഇതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളമുള്ള പൊതു നിരത്തുകളിൽ ബസ് ബേകൾ നിർമ്മിക്കണമെന്ന് തീരുമാനിച്ചിരുന്നുവോ ;

(സി) ഈ വർഷം എല്ലാ ജില്ലകളിലുമായി എത്ര ബസ് ബേകൾ നിർമ്മിക്കാനാണ് ലക്ഷ്യമിട്ടിരുന്നത് ; ഇതുവരെ ഇത്തരത്തിൽ ഓരോ ജില്ലകളിലും എത്ര ബസ് ബേകൾ നിർമ്മിച്ചുകഴിഞ്ഞു എന്ന് വിശദമാക്കുമോ ;

(ഡി) അപകട സാദ്ധ്യത കൂടിയ പ്രദേശങ്ങളിലും സ്കൂൾ മേഖലകളിലും സ്പീഡ് ക്യാമറകളും ബ്ലിങ്കിംഗ് ലൈറ്റുകളും സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ഇ) ഈ വർഷം ഇതുവരെ സംസ്ഥാനത്ത് ഓരോ ജില്ലകളിലും എത്ര വീതം സ്പീഡ് ക്യാമറകളും ബ്ലിങ്കിംഗ് ലൈറ്റുകളും സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) റോഡുകളിലെ അപകടങ്ങൾ പരമാവധി ഒഴിവാക്കുവാൻ ഇന്ത്യൻ റോഡ് കോൺഗ്രസ്സും കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയവും നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ റോഡിന്റെ അലൈൻമെന്റ് പ്രവൃത്തികൾ നടപ്പാക്കി വരുന്നു. ഇതുകൂടാതെ എല്ലാ പ്രധാന ജംഗ്ഷനുകളിലും ആവശ്യമായ ട്രാഫിക് സിഗ്നലുകളും

LIBRARY ARCHIVES Kerala Legislative Assembly

അപകട സാദ്ധ്യത കൂടിയ മേഖലകളിൽ Accident Prone Area എന്ന് എഴുതിയിട്ടുള്ള ബോർഡുകളും ബ്ലിങ്കർ ലൈറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള റോഡുകളിൽ സീബ്രാ ലൈനുകൾ, മുന്നറിയിപ്പ് ബോർഡുകൾ, സെന്റർ ലൈനുകൾ, എഡ്ജ് ലൈനുകൾ എന്നിവ സുരക്ഷാ നടപടികളുടെ ഭാഗമായി ആവിഷ്ക്കരിച്ചിട്ടുണ്ട്. കൂടാതെ സ്കൂൾ മേഖലകളിൽ സ്പീഡ് ലിമിറ്റിംഗ് സൈൻ ബോർഡുകളും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഈ മേഖലകളിൽ മറ്റ് വിവിധ സൈൻ ബോർഡുകളും ആവശ്യമായ സ്ഥലങ്ങളിൽ ബസ് ബേകളും സ്ഥാപിച്ചു വരുന്നു. കേരളാ റോഡ് ഫണ്ട് ബോർഡ് ഏറ്റെടുത്ത് ചെയ്തു വരുന്ന തിരുവനന്തപുരം നഗര വികസന പദ്ധതിയിൻ കീഴിലുള്ള നാലുവരിപ്പാതകളിൽ സെൻട്രൽ മീഡിയനുകളും ഇരു വശങ്ങളിലും ടൈലുകൾ പാകിയ നടപ്പാതകളും നിർമ്മിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) തിരുവനന്തപുരം നഗര റോഡ് വികസന പദ്ധതിയുടെ ഭാഗമായി കേരളാ റോഡ് ഫണ്ട് ബോർഡ് ഏറ്റെടുത്ത് പ്രവൃത്തി ചെയ്ത റോഡുകളിൽ ആവശ്യമായ സ്ഥലങ്ങളിൽ ബസ് ബേ നിർമ്മിച്ചിട്ടുണ്ട്. കരമന മുതൽ കളിയിക്കാവിള വരെയുള്ള ദേശീയ പാതയിൽ പുതിയ 21 ബസ് ബേകളുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. കേരളത്തിലുടനീളം ഇന്ത്യൻ റോഡ് കോൺഗ്രസ്സിന്റെ നിർദ്ദേശപ്രകാരമുള്ള ബസ് ബേകൾ നിർമ്മിക്കുന്നതിനുള്ള വിശദമായ ശുപാർശ സമർപ്പിക്കുവാൻ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഇവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) അപകട സാദ്ധ്യത കൂടിയ പ്രദേശങ്ങളിലും സ്കൂൾ മേഖലകളിലും സ്പീഡ് ക്യാമറകളും ബ്ലിങ്കിംഗ് ലൈറ്റുകളും സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

ദേശീയപാതാ വികസനം

159 (5864) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. മുരളി :
ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ദേശീയപാത വികസനം 30 മീറ്റർ വീതിയിൽ നടത്തണമെന്ന് സംസ്ഥാന സർക്കാരിന്റെ ആവശ്യം അനുവദിക്കാൻ കഴിയില്ല എന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ നൽകിയ നിവേദനത്തിന്മേൽ എന്ത് തീരുമാനമാണ് സ്വീകരിച്ചതെന്ന് സംസ്ഥാന സർക്കാരിന് കേന്ദ്രത്തിന്റെ ഔദ്യോഗിക അറിയിപ്പ് ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly